Draft #41 of File 9991/AD A5-2/2021/SPESS Approved by Registrar on 13-Sep-2023 02:46 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.9991/AD A5-2/2021/SPESS തീയതി: 13.09.2023

**വിജ്ഞാപനം**

**സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ**
**ഗ്രൗണ്ട്സ് മാൻ / മാർക്കർ താൽക്കാലിക തസ്തികയിൽ കരാർ നിയമനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ ചുവടെ പരാമർശിച്ചിരിക്കുന്ന തസ്തികയിലേക്ക് ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

| | | |
|---|---|---|
| തസ്തിക | : | ഗ്രൗൻഡ്സ് മാൻ / മാർക്കർ |
| ഒഴിവ് | : | 1 |
| യോഗ്യത | : | ഏഴാം ക്ലാസ്സ് വിജയം /തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം |
| പ്രവൃത്തി പരിചയം | : | റൈഡ് ഓൺ മൂവർ പ്രവർത്തിപ്പിക്കുന്നതിൽ കുറഞ്ഞത് 5 വർഷ പരിചയം . |
| വേതനം | : | പ്രതിദിനം 645 /- രൂപ (പ്രതിമാസം പരമാവധി 20,000 രൂപ.) |
| വയസ് | : | 01.01.2023 -ൽ 50 വയസ്സ് കവിയരുത് |

താൽപര്യമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം സർവ്വകലാശാല വെബ് സൈറ്റിൽ ചേർത്തിരിക്കുന്ന നിശ്ചിത അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് രജിസ്ട്രാർ , മഹാത്മാഗാന്ധി സർവ്വകലാശാലാ , പ്രിയദർശിനി ഹിൽസ് പി ഒ , കോട്ടയം -686 560 എന്ന വിലാസത്തിലേക്ക് 25.09.2023 **തീയതി 5 മണിക്കു മുൻപ്** ലഭിക്കത്തക്ക വിധം അയക്കേണ്ടതാണ്. "ഗ്രൗണ്ടസ്മാൻ/ മാർക്കർ തസ്തികയിലേക്കുള്ള അപേക്ഷ " എന്ന് അപേക്ഷയുടെ കവറിൽ മുകളിലായി എഴുതിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷക്കൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി സമർപ്പിക്കണം. ലഭിക്കുന്ന അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. അഭിമുഖത്തിന്റെ തീയതി, സമയം എന്നിവ പിന്നീട് അറിയിക്കുന്നതാണ്. ടി അഭിമുഖത്തിലെ പ്രവേശനം തികച്ചും താൽക്കാലികവും, അപേക്ഷയിൽ ചേർത്തിരിക്കുന്ന വ്യക്തിഗത/വിദ്യാഭ്യാസ രേഖകളുടെ അസ്സൽ പരിശോധനയ്ക്ക് വിധേയവുമായിരിക്കും. മേൽപറഞ്ഞ തീയതിക്ക് ശേഷം ലഭിക്കുന്നതും, അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

ടി തസ്തികയിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥി സർവ്വകലാശാലയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

പകർപ്പ്:
1. പബ്ലിക് റിലേഷൻസ് ഓഫീസർ
2. നോട്ടീസ് ബോർഡ്